**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 122** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യവും ജനസൗഹൃദവുമാക്കാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ. സി. പി. ജോൺ |
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | (ഗതാഗത വകുപ്പ് മന്ത്രി) |
| ശ്രീ. ടി. എം. ശശി | |
| ശ്രീ. പി. പി. സുമോദ് | |

**(എ)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ മുൻ സർക്കാർ നടപ്പിലാക്കിയ പ്രധാന ഡിജിറ്റൽവൽക്കരണ പദ്ധതികൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ വാഹൻ ട്രേഡ് സർട്ടിഫിക്കറ്റ് മൊഡ്യൂൾ, വാഹൻ ചെക്ക് പോസ്റ്റ് മൊഡ്യൂൾ, വാഹൻ ബൈലെട്രൽ ടാക്സ് മൊഡ്യൂൾ, വാഹൻ ഡാഷ്ബോർഡ്, വാഹൻ റിപ്പോർട്ട് മോഡ്യൂൾ, ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഫോർ യൂസ്ഡ് കാർ മൊഡ്യൂൾ (DAUC), STA മൊഡ്യൂൾ, എ.ഐ.ടി.പി. (All India Tourist Permit) മോഡ്യൂൾ, വാഹൻ നാഷണൽ പെർമിറ്റ് പോർട്ടൽ, വാഹൻ വി.എൽ.ടി.ഡി. (VLTD) മോഡ്യൂൾ, ഹൈപോതെക്കേഷൻ ടെർമിനേഷൻ ഇൻറഗ്രേഷൻ വിത്ത് ബാങ്ക് മൊഡ്യൂൾ, ഇ-സബ്സിഡി മൊഡ്യൂൾ, അഡ്വർടൈസ്മെന്റ് മൊഡ്യൂൾ എന്നിവ പരിവാഹൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിംഗ് ലൈസൻസും ഡിജിറ്റലായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ലഘു വിവരണം **അനുബന്ധം I** ആയി ചേർക്കുന്നു.

**(ബി)** സാരഥി, പരിവാഹൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ പ്രധാന സേവനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാരഥി, വാഹൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ പ്രധാന സേവനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.

**(സി)** ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആരംഭിച്ച കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് ട്രാക്കുകളുടെ സവിശേഷതകൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആരംഭിച്ച കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് ട്രാക്കുകളുടെ സവിശേഷതകൾ അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.

**(ഡി)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ ഇടനിലക്കാരുടെ ചൂഷണവും അഴിമതിയും ഇല്ലാതാക്കാൻ എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ അഴിമതി തടയുന്നതിലും ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിലും കാര്യമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. മുൻകാലങ്ങളിൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കാനോ വാഹനം കൈമാറ്റം ചെയ്യാനോ ആർ.ടി.ഓ ഓഫീസുകളിൽ നേരിട്ട് എത്തുകയും ഇടനിലക്കാരെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാവുകയും ചെയ്തിരുന്നു. എന്നാൽ ഫേസ്‌ലെസ്സ് (Faceless) സേവനങ്ങൾ നിലവിൽ വന്നതോടെ പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ സ്വന്തം മൊബൈൽ/കമ്പ്യൂട്ടർ വഴിയോ നേരിട്ട് അപേക്ഷിക്കാമെന്നായതിനാൽ ഓഫീസുകളിലെ അനാവശ്യ ജനത്തിരക്ക് കുറയുകയും ഇടനിലക്കാരുടെ ഇടപെടലുകൾ ഇല്ലാതാവുകയും ചെയ്തു. സാരഥി, വാഹൻ പോർട്ടലുകളിലെ അപേക്ഷകൾ സീനിയോറിറ്റി അനുസരിച്ച് (First-Come, First-Served) ആയി മാത്രമാണ് പ്രോസസ്സ് ചെയ്യപ്പെടുന്നത് എന്നതിനാൽ മുൻഗണന അട്ടിമറിക്കാനോ പ്രത്യേക സ്വാധീനം ഉപയോഗിച്ച് ഫയലുകൾ വേഗത്തിലാക്കാനോ സാധിക്കില്ല. കൂടാതെ അപേക്ഷകളുടെ നിലവിലെ അവസ്ഥ (Pending Status) അപേക്ഷകന് ഓൺലൈനായി എപ്പോൾ വേണമെങ്കിലും സ്വയം ട്രാക്ക് ചെയ്യാനും സാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഹൈപ്പോത്തിക്കേഷൻ ടെർമിനേഷനു പരിവാഹൻ പോർട്ടലിൽ ഓട്ടോ അപ്രൂവൽ (Auto-Approval) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സേവനങ്ങൾ സ്വയമേവ അംഗീകരിക്കപ്പെടുന്നത് ഫയലുകൾ വെച്ചുതാമസിപ്പിക്കാനുള്ള സാധ്യതകൾ പൂർണ്ണമായും ഇല്ലാതാക്കുന്നു. എല്ലാത്തരം നികുതികളും ഫീസുകളും ഇ-ചലാൻ പിഴകളും പരിവാഹൻ പോർട്ടൽ വഴി ഓൺലൈനായി മാത്രം അടയ്ക്കാൻ സാധിക്കുന്നതിനാൽ സർക്കാർ നിശ്ചയിച്ച തുക കൃത്യമായി ജനങ്ങൾക്ക് ബോധ്യപ്പെടുകയും അമിത തുക ഈടാക്കിയുള്ള ചൂഷണങ്ങളിൽ നിന്ന് അവർ രക്ഷപ്പെടുകയും ചെയ്യുന്നു. ആർ.സി ബുക്കും ഡ്രൈവിംഗ് ലൈസൻസും പ്രിന്റ് ചെയ്ത് തപാലിൽ അയക്കുന്ന രീതി അവസാനിപ്പിച്ച് പകരം പൗരന്മാർക്ക് അവ നേരിട്ട് ഡൗൺലോഡ് ചെയ്ത് ഡിജിലോക്കറിലോ (DigiLocker) എം-പരിവാഹൻ ആപ്പിലോ സൂക്ഷിക്കാനുള്ള സൗകര്യം (DYRC & DYDL) ഒരുക്കിയതോടെ രേഖകൾ കൈപ്പറ്റുന്നതിനായി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയും മാറി. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ ഓൺലൈൻ മുഖേനെ ജനങ്ങളുടെ വിരൽത്തുമ്പിലേക്ക് എത്തിച്ചപ്പോൾ ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള നേരിട്ടുള്ള സമ്പർക്കം കുറയുകയും അഴിമതിയുടെയും ഇടനിലക്കാരുടെയും ഇടപെടലുകൾ വലിയൊരു പരിധി വരെ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം I</u>

മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ താഴെ പറയുന്ന ഡിജിറ്റൽവൽക്കരണ പദ്ധതികളാണ് മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ളത്.

**വാഹൻ ട്രേഡ് സർട്ടിഫിക്കറ്റ് മൊഡ്യൂൾ**

പുതിയ വാഹനങ്ങൾ വിൽക്കുന്നതിനായി ഡീലർമാർക്ക് അനുമതി നൽകുന്നതിനുള്ള ട്രേഡ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ നിന്നും സ്ഥാപനങ്ങൾക്ക് ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി പരിവാഹൻ പോർട്ടലിൽ പ്രത്യേകമായി ട്രേഡ് സർട്ടിഫിക്കറ്റ് മൊഡ്യൂൾ 07/06/2023 മുതൽ തയ്യാറാക്കിയിട്ടുണ്ട്. ട്രേഡ് സർട്ടിഫിക്കറ്റ് കാലാവധി അവസാനിക്കുമ്പോൾ പുതുക്കുന്നതിനുള്ള സൗകര്യവും മൊഡ്യൂളിൽ ലഭ്യമാണ്.

**വാഹൻ ചെക്ക് പോസ്റ്റ് മൊഡ്യൂൾ**

മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റിലൂടെയുള്ള സേവനം പൂർണമായും ഓൺലൈൻ വൽക്കരിക്കുന്നരിക്കുന്നതിന്റെ ഭാഗമായി 21.10.2022മുതൽ വാഹൻ ചെക്ക് പോസ്റ്റ് മോഡ്യൂൾ നടപ്പിലാക്കി.

**വാഹൻ ബൈലെടൽ ടാക്സ് മൊഡ്യൂൾ**

തമിഴ്നാട് കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായുള്ള Bilateral agreement പ്രകാരമുള്ള ടാക്സ് ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള module 2023 മാർച്ച് മുതൽ നടപ്പിലാക്കി

**വാഹൻ ഡാഷ്ബോർഡ്.**

പരിവാഹൻ പോർട്ടലിലൂടെ നൽകുന്ന സേവനങ്ങൾ വിവിധതരം സ്ഥിതി വിവരങ്ങൾ അറിയുന്നതിനായി വാഹൻ ഡാഷ് ബോർഡ് എന്ന ഒരു മോഡ്യൂൾ രൂപീകരിച്ചിട്ടുണ്ട്. വാഹന രജിസ്ട്രേഷൻ സംബന്ധിച്ച് നാളിതുവരെ നടത്തിയിരിക്കുന്ന ട്രാൻസാക്ഷൻ റവന്യൂ കളക്ഷൻ പെർമിറ്റുകളുടെ എണ്ണം പെൻഡിങ് സ്റ്റാറ്റസ് മുതലായ എല്ലാ മോഡ്യൂളുകളിലെയും സ്ഥിതി വിവരങ്ങൾ ഡാഷ്ബോർഡിലൂടെ ലഭ്യമാണ്.

**വാഹൻ റിപ്പോർട്ട് മോഡ്യൂൾ.**

വാഹൻ റിപ്പോർട്ട് മോഡ്യൂൾ പ്രബല്യത്തിൽ വന്നതോടെ പരിവാഹൻ പോർട്ടലിൽ നിന്നുള്ള സേവനങ്ങൾ സംബന്ധിച്ച് എല്ലാത്തരം റിപ്പോർട്ടുകൾ എടുക്കാവുന്നതാണ്.

**ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഫോർ യൂസ്ഡ് കാർ മൊഡ്യൂൾ( DAUC)**

യൂസ്ഡ് കാർ രജിസ്ട്രേഷനുള്ള അപേക്ഷ ഡീലർ തന്നെ സമർക്കാവുന്ന തരത്തിൽ ഒരു മോഡ്യൂള് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

**STA മൊഡ്യൂൾ**

അന്തർ സംസ്ഥാന വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട തമിഴ്നാട് കർണാടക

എന്നീ സംസ്ഥാനങ്ങളുമായി കേരള സംസ്ഥാനം ഏർപ്പെട്ടിട്ടുള്ള ബൈലാറ്ററൽ കരാർ പ്രകാരം ഇ.വി പെർമിറ്റ് നൽകുന്നതിനുള്ള STA മൊഡ്യൂൾ രൂപകൽപ്പന ചെയ്ത് സേവനങ്ങൾ നൽകിവരുന്നു.

**എ.ഐ.ടി.പി. (All India Tourist Permit) മോഡ്യൂൾ**

ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (AITP) അനുവദിക്കുന്നതിനായി പരിവാഹൻ സംവിധാനത്തിൽ ഒരു പുതിയ മോഡ്യൂൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഈ മോഡ്യൂൾ മുഖേന ഓൺലൈനായി ലഭ്യമാക്കുന്നു.

**വാഹൻ നാഷണൽ പെർമിറ്റ് പോർട്ടൽ**

ചരക്ക് വാഹനങ്ങൾക്ക് (Goods Carriage Vehicles) ദേശീയ പെർമിറ്റ് അനുവദിക്കുന്നതിനും അവയുടെ മാനേജ്മെന്റിനുമായി വാഹൻ നാഷണൽ പെർമിറ്റ് പോർട്ടൽ ഉപയോഗിക്കുന്നത്. ഈ പോർട്ടൽ വഴി ഗതാഗത ഓപ്പറേറ്റർമാർക്ക് അന്തർസംസ്ഥാന ചരക്ക് ഗതാഗതത്തിനായുള്ള ദേശീയ പെർമിറ്റിന് ഓൺലൈനായി അപേക്ഷിക്കാം. നിലവിലുള്ള പെർമിറ്റുകളുടെ പുതുക്കലും (renewal) സ്ഥിരീകരണവും (validation) പൂർണ്ണമായും ഡിജിറ്റലായി സമർപ്പിക്കാവുന്നതാണ്.

**വാഹൻ വി.എൽ.ടി.ഡി. (VLTD) മോഡ്യൂൾ**

ട്രാൻസ്പോർട്ട് വാഹനങ്ങളിൽ Vehicle Location Tracking Device (VLTD) അഥവാ ജിപിഎസ് അധിഷ്ഠിത വാഹന ട്രാക്കിംഗ് ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുമായി പരിവാഹൻ സംവിധാനത്തിൽ പ്രത്യേക മോഡ്യൂൾ സജ്ജമാക്കിയിട്ടുണ്ട്. ഈ മോഡ്യൂൾ നിലവിലുള്ള സുരക്ഷാമിത്ര (Suraksha Mitr) സംവിധാനവുമായി സംയോജിപ്പിച്ചിട്ടുള്ളതാണ്.

**ഹൈപോതെക്കേഷൻ ടെർമിനേഷൻ ഇൻറഗ്രേഷൻ വിത്ത് ബാങ്ക് മൊഡ്യൂൾ**

ഹൈപോതെക്കേഷൻ മാറ്റുന്നതിന് ആർ. ടി ഓഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുവാൻ തരത്തിൽ ബാങ്കുകളെ വാഹനുമായി സംയോജിപ്പിക്കുന്ന ഓൺലൈൻ മൊഡ്യൂൾ തയാറാക്കി. പരിവാഹനമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള ബാങ്കുകളിൽ നിന്നുള്ള ഹൈപോർട്ടിഫിക്കേഷൻ ടെർമിനേഷൻ സേവനങ്ങൾ ഓട്ടോ അപ്പ്രൂവൽ ആയി നൽകിവരുന്നു.

**ഇ-സബ്സിഡി മൊഡ്യൂൾ**

ഇലക്ടിക് ഓട്ടോറിക്ഷ ഉടമകൾക്ക് ഇ.വി പോളിസിയുടെ ഭാഗമായി സർക്കാർ സബ്സിഡി അനുവദിക്കുന്നതിനായി സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളതാകുന്നു.നിലവിൽ ഈ സോഫ്റ്റ് വെയറിൽ കൂടിയാണ് സബ്സിഡി തുക ഉപയോക്താക്കൾക്ക് അനുവദിച്ചു നല്കുന്നത്.

**അഡ്വർടൈസ്മെന്റ് മൊഡ്യൂൾ**

വാഹനങ്ങളിൽ പരസ്യം പതിക്കുന്നതിനായിട്ടുള്ള സേവനങ്ങൾ വാഹനിലൂടെ നൽന്നതിനായി ഒരു പുതിയ മൊഡ്യൂൾ തയാറാക്കി.

**ഡി.വൈ.ആർ.സി. (Download Your Registration Certificate)**

വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ പരിവാഹൻ പോർട്ടൽ മുഖേന ഓൺലൈനായി ലഭ്യമാക്കിയതിന്റെ ഭാഗമായി, പൊതുജനങ്ങൾക്ക് അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC) നേരിട്ട് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരിവാഹൻ സംവിധാനത്തിൽ ഒരുക്കിയിട്ടുണ്ട്.

# അനുബന്ധം II

**വാഹൻ ആധാർ അധിഷ്ഠിത സേവനങ്ങൾ**

പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിലും സുതാര്യമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആധാർ അധിഷ്ഠിത സേവനങ്ങൾ ഫേസ് ലെസ്സ് നടപ്പിലാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു .

- ചെയ്ഞ്ച് ഓഫ് അഡ്രസ്സ് ഇൻ രജിസ്ട്രേഷന് സർഫിക്കറ്റ് & ആർസി
- ഇഷ്യു ഓഫ് ഡ്യൂപ്ലിക്കേറ്റ് ആർസി
- ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്
- ഹൈപ്പോത്തിക്കേഷൻ നോട്ടിംഗ്
- ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ
- ഇഷ്യൂ ഓഫ് എൻ ഒ സി

**വാഹൻ പെർമിറ്റ് സേവനങ്ങൾ**

- ഫ്രഷ് പെർമിറ്റ്
- റിന്യൂവൽ ഓഫ് പെർമിറ്റ്
- ഡ്യൂപ്ലിക്കേറ്റ് പെർമിറ്റ്
- സ്പെഷ്യൽ പെർമിറ്റ്
- ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ്
- ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് ഓതറൈസേഷൻ.

**വാഹൻ ചെക്ക് പോസ്റ്റ് സേവനങ്ങൾ**

- ചെക്ക് പോസ്റ്റ് ടാക്സ്.
- ചെക്ക് പോസ്റ്റ് സെസ്
- ചെക്ക് പോസ്റ്റ് ഗ്രീന് ടാക്സ്
- ഇ വി പെർമിറ്റ്
- ടെമ്പററി പെർമിറ്റ്

പരിവാഹനിലൂടെ ഓൺലൈനായി ഫീസ് അടയ്ക്കുവാനും അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ള സേവനങ്ങൾ എന്നാൽ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതായോ വാഹന പരിശോധന ആവശ്യമായ സേവനങ്ങളുടെ വിശദാംശങ്ങൾ.

- വാഹനങ്ങളുടെ രൂപമാറ്റം (Alteration of Vehicles)
- വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ
- ഗതാഗത വാഹനങ്ങളിൽ പരസ്യം പ്രദർശിപ്പിക്കാൻ അനുമതി നൽകൽ
- മലിനീകരണ പരിശോധനാ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകൽ
- വാഹന ഡീലർമാർക്ക് ട്രേഡ് സർട്ടിഫിക്കറ്റ് നൽകൽ
- (ഡെത്ത്) ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്
- വാഹന രജിസ്ട്രേഷൻ പുതുക്കൽ
- ഗതാഗത വാഹനം ഓടിക്കുന്നതിനുള്ള അംഗീകാരം (Authorization) നൽകൽ
- പെർമിറ്റ് പുതുക്കൽ (സ്റ്റേജ് കാരേജ് പെർമിറ്റ്)
- വേരിയേഷൻ ഓഫ് പെർമിറ്റ് (സ്റ്റേജ് കാരേജ് ഒഴികെ)
- ഫാക്ടറി നിർമിത ബോഡി ഇല്ലാത്ത പുതിയ വാഹനങ്ങൾക്ക് താത്കാലിക രജിസ്ട്രേഷൻ നൽകൽ

<u>**സാരഥി സേവനങ്ങൾ**</u>

ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈനായി സാരഥി പോർട്ടലിലൂടെ നൽകി വരുന്നു .ഇതു സംബന്ധിച്ച കൂടുതൽ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.

**ലേണേഴ്സ് ലൈസൻസ്**

കേന്ദ്ര മോട്ടോർ വാഹന ചട്ടം പ്രതിപാദിക്കുന്ന തരത്തിൽ റോഡ് സുരക്ഷ കൂടുതൽ പ്രാമുഖ്യം നൽകി ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന് ചോദ്യങ്ങൾ ഒരുക്കിയിരിക്കുന്നത് കൂടാതെ അപേക്ഷകർക്ക് ലേണേഴ്സ് ലൈസൻസിന് മുമ്പായി തന്നെ പരിശീലനത്തിന് ഒരു ഓൺലൈൻ ട്യൂട്ടോറിയൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സേവനം പൊതുജങ്ങൾക്ക് ഉപകാരപ്രദവും ആയതു അവർ പരമാവധി ഉപയോഗപ്പെടുത്തുന്നു.

**ഫസ്റ്റ്കം ഫസ്റ്റ സെർവ്വ് സേവനങ്ങൾ**

സാരഥി സേവനങ്ങളിൽ ഫസ്റ്റ് കം ഫസ്റ്റും ഫേസിലെസ് എന്നിവ സംവിധാനം ഏർപ്പെടുത്തി

**സാരഥി ഓൺലൈൻ സേവനങ്ങൾ**

ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്/ബാഡ്ജ് ടെസ്റ്റ്/കണ്ടക്ടർ ലൈസൻസ് ടെസ്റ്റ് /ഡ്രൈവിംഗ് ടെസ്റ്റ്

ഒഴികെ ഒരു സേവനത്തിനും പൊതുജനങ്ങൾക്ക് നേരിട്ട് ഓഫീസുകളിൽ പോകേണ്ട ആവിശ്യമില്ല

**ഇൻറർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ്**

ഇൻറർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് സേവനം പൂർണമായും ഓൺലൈൻ വൽക്കരിച്ചു

**സാരഥി -ലൈസൻസ് സംബന്ധമായ സേവനങ്ങൾ**

- സ്ലോട്ട് ബുക്കിംഗ് ഫോർ ലേണേഴ്സ് ടെസ്റ്റ്
- ഇഷ്യൂ ഓഫ് ലേണേഴ്സ് **ലൈസൻസ്**
- സ്ലോട്ട് ബുക്കിംഗ് ഫോർ ഡ്രൈവിംഗ് ടെസ്റ്റ്.
- റിന്യൂവൽ ഓഫ് ഡ്രൈവിംഗ് **ലൈസൻസ്** (ഡി എല്)
- ഇഷ്യൂ ഓഫ് ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് **ലൈസൻസ്**
- ചെയ്ഞ്ച് ഓഫ് അഡ്രസ്സ് ഇന് ഡ്രൈവിംഗ് **ലൈസൻസ്**
- ഡ്രൈവിംഗ് **ലൈസൻസ്** എക്സ്ട്രാറ്റ്
- കണ്ടക്ടർ **ലൈസൻസ്** എക്സ്ട്രാറ്റ്
- റിപ്ലെയ്സ്മെന്റ് ഓഫ് ഡ്രൈവിംഗ് **ലൈസൻസ്**
- ചെയ്ഞ്ച് ഓഫ് നെയിം ഇന് ഡ്രൈവിംഗ് **ലൈസൻസ്**
- ചെയ്ഞ്ച് ഓഫ് ബയോമെട്രിക്സ് ഇന് ഡ്രൈവിംഗ് **ലൈസൻസ്**
- സറണ്ടർ ഓഫ് സി ഒ വി ഇന് ഡ്രൈവിംഗ് **ലൈസൻസ്**
- ചെയ്ഞ്ച് ഓഫ് ഡേറ്റ് ഓഫ് ബെര്ത്ത് ഇന് ഡ്രൈവിംഗ് **ലൈസൻസ്**
- റിന്യൂവൽ ഓഫ് കണ്ടക്ടർ **ലൈസൻസ്** (സി എല്)
- ചെയ്ഞ്ച് ഓഫ് അഡ്രസ്സ് കണ്ടക്ടർ **ലൈസൻസ്**
- ഇഷ്യൂ ഓഫ് ഡ്യൂപ്ലിക്കേറ്റ് കണ്ടക്ടർ **ലൈസൻസ്**
- **ഇൻറർനാഷണൽ ഡ്രൈവിംഗ് പെര്മിറ്റ്.**

**ഡി.വൈ.ഡി.എൽ.** (Download Your Driving Licence)

ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ സാരഥി പോർട്ടൽ മുഖേന ഓൺലൈനായി ലഭ്യമാക്കിയതിന്റെ ഭാഗമായി, പൊതുജനങ്ങൾക്ക് അവരുടെ ഡ്രൈവിംഗ് ലൈസൻസ് നേരിട്ട് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരിവാഹൻ സംവിധാനത്തിൽ

ഒരുക്കിയിട്ടുണ്ട്.

**അനുബന്ധംIII**

കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് (Automated Driving Test Track – A D T T ) ഡ്രൈവിംഗ് ലൈസൻസ് പരീക്ഷ കൂടുതൽ വസ്തുനിഷ്ഠവും സുതാര്യവും ഏകീകൃതവുമാക്കുന്നതിനായി രൂപകൽപ്പന ചെയ്ത സംവിധാനമാണ്. സെൻസറുകൾ, ക്യാമറകൾ, RFID/GPS സാങ്കേതികവിദ്യകൾ, സോഫ്റ്റ്‌വെയർ എന്നിവയുടെ സഹായത്തോടെ പരീക്ഷാ പ്രക്രിയ പൂർണമായും ഓട്ടോമേറ്റഡ് രീതിയിൽ നടത്തപ്പെടുന്നു. പരീക്ഷയ്ക്കിടെ മനുഷ്യ ഇടപെടൽ ഏറ്റവും കുറഞ്ഞ നിലയിൽ നിലനിർത്തുകയും വാഹനത്തിന്റെ പ്രകടനം തത്സമയം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഈ ട്രാക്കുകൾ ഏകീകൃത മാനദണ്ഡങ്ങൾ അനുസരിച്ച് നിർമ്മിക്കപ്പെട്ടവയാണ്. വാഹന നിയന്ത്രണം, ലെയിൻ പാലനം, ഗിയർ മാറ്റങ്ങൾ, ക്ലച്ച് ഉപയോഗം, വാഹനം നിലയ്ക്കൽ തുടങ്ങിയ ഘടകങ്ങൾ സെൻസറുകളും ക്യാമറകളും ഉപയോഗിച്ച് തുടർച്ചയായി നിരീക്ഷിക്കുകയും എല്ലാ വിവരങ്ങളും തൽക്ഷണം സിസ്റ്റത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ തന്നെ പരീക്ഷാർത്ഥി പാസായോ പരാജയപ്പെട്ടോ എന്ന് സ്വയമേവ നിർണയിക്കുന്നതിനാൽ വ്യക്തിപരമായ വിലയിരുത്തലുകൾക്കും പക്ഷപാതത്തിനും സാധ്യത കുറയുന്നു.

ഓരോ പരീക്ഷയും ഡിജിറ്റലായി രേഖപ്പെടുത്തപ്പെടുന്നതിനാൽ പരീക്ഷാ നടപടികൾ കൂടുതൽ സുതാര്യമാവുകയും പിന്നീട് പരിശോധനയ്ക്കും ഓഡിറ്റിനും സൗകര്യമൊരുങ്ങുകയും ചെയ്യുന്നു. ഈ സംവിധാനം പരീക്ഷാർത്ഥിയുടെ യഥാർത്ഥ ഡ്രൈവിംഗ് കഴിവുകളായ വാഹന നിയന്ത്രണം, സ്ഥലബോധം, ട്രാഫിക് നിയമങ്ങൾ പാലിക്കൽ, വിവിധ സാഹചര്യങ്ങളിൽ വാഹനം കൈകാര്യം ചെയ്യാനുള്ള നൈപുണ്യം എന്നിവ കൃത്യമായി വിലയിരുത്താൻ സഹായിക്കുന്നു. സുരക്ഷാ മേൽനോട്ടം ഒഴികെ മനുഷ്യ ഇടപെടൽ വളരെ കുറവായതിനാൽ പരീക്ഷാ ഫലങ്ങളുടെ വിശ്വാസ്യത വർധിക്കുന്നു.

കൂടാതെ, ഓട്ടോമേറ്റഡ് സംവിധാനമായതിനാൽ കൂടുതൽ അപേക്ഷകർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ പരീക്ഷ നടത്താൻ സാധിക്കുകയും പരീക്ഷാ നടപടികൾ വേഗത്തിലും കാര്യക്ഷമമായും പൂർത്തിയാക്കാൻ കഴിയുകയും ചെയ്യുന്നു. നിയന്ത്രിതമായ ട്രാക്ക് പരിസരത്ത് പരീക്ഷ നടത്തുന്നതിനാൽ അപകടസാധ്യത കുറയുകയും പുതിയ ഡ്രൈവർമാർക്ക് കൂടുതൽ സുരക്ഷിതമായ പരീക്ഷാ അന്തരീക്ഷം ലഭ്യമാകുകയും ചെയ്യുന്നു. സർക്കാർ ഡാറ്റാബേസുമായി ഈ സംവിധാനം സംയോജിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ പരീക്ഷ വിജയകരമായി പൂർത്തിയാക്കിയവരുടെ ലൈസൻസ് നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനും സാധിക്കുന്നു.